# ഫെയർ സ്റ്റേജിലെ അപാകതകൾ പരിഹരിക്കണ്ടേ?

പി.എസ്.കുമാർ

മൂന്നു വർഷങ്ങൾക്കുശേഷം കേരളത്തിൽ വീണ്ടും ബസ് ചാർജ് പുതുക്കി നിശ്ചയിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ജീവിത നിലവാരത്തിലുണ്ടായ വർധനവും ഡീസലിന്റെയും മറ്റും വില വർധനവും കണക്കിലെടുക്കുമ്പോൾ ബസ് ചാർജ് പുതുക്കി നിശ്ചയിച്ചതിൽ തെറ്റൊന്നുമില്ല.

ബസ് ചാർജ് വർധിപ്പിക്കണം എന്ന ബസുടമകളുടെ ആവശ്യം അംഗീകരിച്ച സർക്കാർ, ഫെയർ സ്റ്റേജുകൾ നിർണയിച്ചതിലും മിനിമം ചാർജ് നിർണയിക്കുന്നതിലും നിലനിന്നുവരുന്ന അപാകതകൾ പരിഹരിക്കണമെന്ന ബസ് യാത്രക്കാരുടെയും ഉപഭോക്തൃ സംഘടനകളുടെയും ആവശ്യം ഇത്തവണയും പരിഗണനയ്ക്കെടുത്തില്ല. അത് പ്രതിഷേധാർഹമായ കാര്യമാണ്.

ഫെയർസ്റ്റേജ് നിർണയിച്ചതിലും മിനിമം ചാർജിന് സഞ്ചരിക്കാവുന്ന ദൂരപരിധി ചുരുക്കിയതിന്റെയും പേരിൽ ഓരോ ദിവസവും അരക്കോടിയോളം രൂപയാണ് കേരളത്തിലെ ബസ് യാത്രക്കാർക്ക് നഷ്ടമാകുന്നത് എന്നറിയുമ്പോഴേ ബസുടമകളും സർക്കാരും ചേർന്നുള്ള ഒത്തുകളിയുടെ ആഴം നമുക്കു മനസിലാകൂ.

കിലോമീറ്ററിന് 22 പൈസ യാത്രക്കൂലിയും മിനിമം യാത്രക്കൂലി ഒന്നേകാൽ രൂപയുമാണ് നിലവിലുണ്ടായിരുന്നത്. മിനിമം ചാർജിന് യാത്രചെയ്യാവുന്ന ദൂരം ആദ്യത്തെ ഒരു ഫെയർ സ്റ്റേജ് മാത്രമായിരുന്നു. ഇപ്പോൾ കിലോമീറ്റർ ചാർജ് 28 പൈസയും മിനിമം ചാർജ് ഒന്നേമുക്കാൽ രൂപയുമായി വർധിപ്പിച്ചിരിക്കുകയാണ്.

കിലോമീറ്റർ ചാർജിൽ 27 ശതമാനം വർധനവാണ് വരുത്തിയിരിക്കുന്നത്. മൂന്നു വർഷത്തിനുശേഷമാണ് നിരക്ക് പുതുക്കുന്നത് എന്നതിനാൽ ഈ നിരക്കു ന്യായമായ ഒന്നാണെന്നു പറയാം പക്ഷേ, നിരക്കുവർധന ഫെയർസ്റ്റേജുകളാക്കി പരിവർത്തനം ചെയ്യുമ്പോൾ യാത്രക്കാരൻ കിലോമീറ്റർ ചാർജിൽ വന്ന വർധനയേക്കാൾ ഏറെ കൂടുതൽ കൊടുക്കേണ്ടിവരുന്നു എന്നതാണ് വഞ്ചന നിറഞ്ഞ സത്യം.

| ബസ് ചാർജ് | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് | വർധനാ ശതമാനം |
|---|---|---|---|
| കിലോമീറ്റർ നിരക്ക് | 22 പൈസ | 28 പൈസ | 27.27 |
| ഫെയർ സ്റ്റേജ് - 1 | 1.25 രൂപ | 1.75 രൂപ | 40 |
| ഫെയർ സ്റ്റേജ് - 2 | 1.50 രൂപ | 2.00 രൂപ | 33 |
| ഫെയർ സ്റ്റേജ് - 3 | 1.80 രൂപ | 2.50 രൂപ | 39 |
| ഫെയർ സ്റ്റേജ് - 4 | 2.20 രൂപ | 3.00 രൂപ | 36 |

ആദ്യത്തെ നാലു ഫെയർ സ്റ്റേജുകളിലും കിലോമീറ്റർ ചാർജ് വർധനയേക്കാൾ കൂടുതലാണ് യഥാർഥ ബസ് ചാർജ് വർധനയെന്ന് പട്ടിക നോക്കിയാൽ മനസിലാകും. മൊത്തം ബസ് യാത്രക്കാരിൽ മൂന്നിലൊരു ഭാഗവും ആദ്യത്തെ നാല് ഫെയർ സ്റ്റേജിനുള്ളിൽ യാത്ര അവസാനിപ്പിക്കുന്നവരാണ് എന്ന സ്ഥിതിവിവരക്കണക്ക് ഇതിനോട് ചേർത്തുവച്ച് ആലോചിച്ചാൽ, ആദ്യത്തെ ഫെയർ സ്റ്റേജുകളിൽ അനുവദിച്ച അമിത വർധന മൂലം ബസ് മുതലാളി ഉണ്ടാക്കുന്ന അമിത ലാഭത്തിന്റെ ഏകദേശ കണക്കു കിട്ടും.

1985 വരെ മിനിമം ചാർജിന് രണ്ടു ഫെയർ സ്റ്റേജുകൾ സഞ്ചരിക്കാമായിരുന്നു. അത് പുനസ്ഥാപിച്ചാലെ മിനിമം ചാർജിന്റെ മറവിൽ നടക്കുന്ന തട്ടിപ്പിന് അറുതി വരുത്താനാവൂ.

കിലോമീറ്ററിന് 28 പൈസവച്ച് കണക്കാക്കിയാൽ മിനിമം ചാർജായ 1.75 രൂപയ്ക്ക് ആറു കിലോമീറ്റർ സഞ്ചരിക്കാനനുവദിക്കേണ്ടതാണ്. അതിനു പകരം ഒരു ഫെയർ സ്റ്റേജ് അഥവാ കൂടിയാൽ മൂന്നു കിലോമീറ്റർ മാത്രമാണ് മിനിമം ചാർജുകൊണ്ട് സഞ്ചരിക്കാനനുവദിക്കുന്നത്. ആറു കിലോമീറ്റർ സഞ്ചരിക്കുന്നയാൾ മൂന്നാമത്തെ ഫെയർ സ്റ്റേജിന്റെ പൈസ കൊടുക്കേണ്ടിവരുന്ന വിധത്തിൽ സ്റ്റേജ് നിർണയം നടത്തിയിട്ടുള്ള ചില റൂട്ടുകളും നിലവിലുണ്ട്.

മിനിമം ചാർജിന് രണ്ടു ഫെയർ സ്റ്റേജുകൾ സഞ്ചരിക്കാനനുവദിക്കുകയും രണ്ടു ഫെയർ സ്റ്റേജുകൾക്കിടയിൽ ചുരുങ്ങിയത് രണ്ടര കിലോമീറ്ററെങ്കിലും വേണമെന്നു നിശ്ചയിക്കുകയും ചെയ്യുന്നതുവരെ ബസ് യാത്രക്കാർക്ക് ബസ് ചാർജ് വർധനയെ അംഗീകരിക്കാനാവില്ല.

അടുത്ത ചാർജ് വർധനയ്ക്കു മുമ്പായി ഫെയർ സ്റ്റേജിലെ അപാകതകൾ പരിഹരിക്കും എന്ന് വാക്കു തന്ന ഒരു സർക്കാരാണ് ഇപ്പോഴും നമ്മളെ സേവിക്കുന്നത് എന്നും കൂടി ഓർമിപ്പിക്കട്ടെ. മാത്രവുമല്ല, 22 വർഷത്തിലേറെ പഴക്കമുള്ള ഒരു പ്രശ്നവുമാണ്.